# കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം
### *(ഹാജർ : എസ്. ഹരികിഷോർ ഐഎഎസ്)*

വിഷയം: അഗതിരഹിത കേരളം - അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പ്രോജക്ടുകൾ അംഗീകരിച്ച് ചലഞ്ച് ഫണ്ട് (ഒന്നാം ഗഡു) അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം: 1. സ.ഉ(എം.എസ്)നം.252/2017/തസ്വഭവ തീയതി 12/12/2017
2. സ.ഉ(എം.എസ്)നം.182/2018/തസ്വഭവ തീയതി 05/12/2018
3. സ.ഉ(എം.എസ്)നം.183/2018/തസ്വഭവ തീയതി 06/12/2018

## ഉത്തരവ് നമ്പർ KS/L/7291/2018 തീയതി 02/02/2019

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ **'അഗതിരഹിത കേരളം'** പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള മാർഗ്ഗരേഖ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതിയുടെ അടങ്കലിന്റെ 40% തുക അല്ലെങ്കിൽ പരമാവധി 40 ലക്ഷം രൂപ(ഇവയിലേതാണോ കുറവ്) ചലഞ്ച് ഫണ്ടായി കുടുംബശ്രീയിലൂടെ അനുവദിക്കുന്നതാണ്. ആശ്രയ പദ്ധതിയ്ക്ക് മുമ്പ് അനുവദിച്ചിട്ടുള്ള തുകകളിൽ ബാക്കി വരുന്ന തുക അഗതിരഹിത കേരളം പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അഗതിരഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം നൽകി ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ചേർത്തല, കായംകുളം നഗരസഭകളും അമ്പലപ്പുഴ സൗത്ത്, മാരാരിക്കുളം സൗത്ത്, ഭരണിക്കാവ്, പാലമേൽ, വള്ളികുന്നം, ചമ്പക്കുളം, കൈനകരി, തലവടി, തൃക്കുന്നപ്പുഴ, ചേർത്തല സൗത്ത്, കഞ്ഞിക്കുഴി, കുത്തിയതോട്, തൈക്കാട്ടുശ്ശേരി എന്നീ ഗ്രാമ പഞ്ചായത്തുകളും 'അഗതിരഹിത കേരളം പദ്ധതി'യുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) ജില്ലാമിഷൻ കോർഡിനേറ്ററുടെ ശുപാർശ സഹിതം ഓൺലൈനായി സോഫ്റ്റ് വെയർ വഴി സമർപ്പിച്ചിരുന്നു.

| ക്രമ. നം | പഞ്ചായത്ത് /നഗരസഭ | ഗുണഭോക്തൃകുടുംബങ്ങളുടെ എണ്ണം | ആകെ അടങ്കൽ തുക (രൂപ) | ആകെ ചലഞ്ച് ഫണ്ട് (രൂപ) |
|---|---|---|---|---|
| 1. | അമ്പലപ്പുഴ സൗത്ത് | 62 | 1,52,77,074 | 38,98,574 |
| 2. | മാരാരിക്കുളം സൗത്ത് | 144 | 2,87,73,398 | 39,99,398 |
| 3. | ഭരണിക്കാവ് | 134 | 1,30,39,380 | 39,98,480 |
| 4. | പാലമേൽ | 185 | 3,34,31,942 | 39,40,142 |
| 5. | വള്ളികുന്നം | 239 | 2,51,10,700 | 39,95,900 |
| 6. | ചമ്പക്കുളം | 32 | 73,14,961 | 13,09,961 |
| 7. | കൈനകരി | 120 | 5,10,01,314 | 39,70,514 |
| 8. | തലവടി | 80 | 2,10,86,398 | 22,95,398 |
| 9. | തൃക്കുന്നപ്പുഴ | 217 | 5,10,81,718 | 40,00,000 |
| 10. | ചേർത്തല സൗത്ത് | 233 | 2,42,86,425 | 39,98,425 |
| 11. | കഞ്ഞിക്കുഴി | 228 | 3,93,02,380 | 39,99,580 |
| 12. | കുത്തിയതോട് | 147 | 3,35,29,998 | 39,93,998 |
| 13. | തൈക്കാട്ടുശ്ശേരി | 67 | 2,22,20,098 | 27,16,598 |
| 14. | ചേർത്തല നഗരസഭ | 342 | 9,24,90,098 | 39,90,998 |
| 15. | കായംകുളം നഗരസഭ | 258 | 11,09,16,898 | 36,51,398 |
| ആകെ | | **2488** | **56,88,62,782** | **5,37,59,364** |

ഈ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല, കായംകുളം നഗരസഭകളുടെയും അമ്പലപ്പുഴ സൗത്ത്, മാരാരിക്കുളം സൗത്ത്, ഭരണിക്കാവ്, പാലമേൽ, വള്ളികുന്നം, ചമ്പക്കുളം, കൈനകരി, തലവടി, തൃക്കുന്നപ്പുഴ, ചേർത്തല സൗത്ത്, കഞ്ഞിക്കുഴി, കുത്തിയതോട്, തൈക്കാട്ടുശ്ശേരി എന്നീ ഗ്രാമ പഞ്ചായത്തുകളുടെയും **56,88,62,782 രൂപ (അൻപത്തി ആറ് കോടി എൺപത്തി എട്ട് ലക്ഷത്തി അറുപത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം)** അടങ്കൽ തുകയും, **5,37,59,364 രൂപ (അഞ്ച് കോടി മുപ്പത്തി ഏഴ് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി മുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം)** ചലഞ്ച് ഫണ്ടും വകയിരുത്തിയ **'അഗതിരഹിത കേരളം പദ്ധതി'കൾ അംഗീകരിച്ച് ഉത്തരവാകുന്നു**. പദ്ധതി വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി വേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടപ്പാക്കേണ്ടത് :

1. അഗതിരഹിത കേരളം പദ്ധതി ***മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തപ്പെട്ട അഗതി കുടുംബങ്ങൾക്ക്*** വേണ്ടി **പ്രത്യേകം തയ്യാറാക്കിയ പ്രോജക്റ്റുകൾ പ്രകാരം മാത്രമേ പദ്ധതി നടപ്പിലാക്കാൻ പാടുള്ളൂ.** സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഓരോ കുടുംബത്തിനും പരിചരണ സേവനങ്ങളുടെ പാക്കേജ് നിർബന്ധമായും നടപ്പാക്കണം.

2. പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ പ്രവർത്തികൾക്ക് കുടുംബശ്രീ ചലഞ്ച് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിക്കുമ്പോൾ പതിമൂന്നാം പദ്ധതി **മാർഗ്ഗ നിർദ്ദേശങ്ങൾ അനുശാസിക്കുന്ന യൂണിറ്റ് കോസ്റ്റ് കർശനമായി പാലിക്കേണ്ടതാണ്.**

3. ആശ്രയ 1 , 2 ഘട്ടങ്ങൾക്ക് അനുവദിച്ച ചലഞ്ച് ഫണ്ട് തുകയിലോ, പ്ലാൻ ഫണ്ട് തുകയിലോ ബാക്കിയുള്ള പക്ഷം ആയത് തരം തിരിച്ച് കണക്കാക്കി അഗതി രഹിതകേരളം പദ്ധതിയ്ക്കായി **പുതുതായി ദേശസാൽകൃത ബാങ്കിൽ ആരംഭിക്കുന്ന അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്.**

4. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും **വിലയിരുത്തൽ സമിതി, പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്.** പ്രസ്തുത യോഗത്തിൽ സിഡിഎസ് ചെയർപേഴ്സൺ പദ്ധതി പുരോഗതി കൃത്യമായി അവതരിപ്പിക്കേണ്ടതാണ്. പദ്ധതി ആരംഭിച്ച് ഓരോ മാസവും 10 -ാം തീയതിയ്ക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി, മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് നൽകേണ്ടതാണ്.

5. **അഗതി കുടുംബങ്ങളുടെ ആവശ്യങ്ങൾ തിട്ടപ്പെടുത്തിയത് ഒരിക്കൽ കൂടി അവലോകനം ചെയ്യണം.** ഏതെങ്കിലും അതിജീവനാവശ്യങ്ങൾ, മാനസികാവശ്യങ്ങൾ എന്നിവ വിട്ടുപോയിട്ടുണ്ടെങ്കിൽ/ കുറവ് ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ അവ കൂട്ടി ചേർക്കേണ്ടതോ കുറവ് ചെയ്യേണ്ടതോ ആണ്. ഇപ്രകാരം പ്രോജക്ട് റിപ്പോർട്ട് പുതുക്കേണ്ടിവരികയാണെങ്കിൽ ആയത് ഓൺലൈനായി ഒരു പകർപ്പ് കുടുംബശ്രീ സംസ്ഥാന മിഷൻ ആഫീസിൽ നൽകേണ്ടതാണ്.

6. പദ്ധതി നിർവ്വഹണത്തിന് ഓരോ പ്രവർത്തിക്കും പ്രത്യേകമായി **ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കേണ്ടതും,** അതിൻ പ്രകാരം അഗതി പുനരധിവാസ പദ്ധതിയുടെ പ്രവർത്തനം ക്രമീകരിക്കേണ്ടതുമാണ്.

7. പദ്ധതി പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തേണ്ടതും **പ്രതിമാസ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ കുടുംബശ്രീ സംസ്ഥാന /ജില്ലാ മിഷനുകളിൽ എത്തിക്കേണ്ടതുമാണ്.**

8. ഓരോ അഗതി കുടുംബത്തിനും വേണ്ടി നടപ്പാക്കുന്ന പരിചരണ സേവനങ്ങളുടെ പാക്കേജിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് വാർഡിലെ അയൽക്കൂട്ടം / ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റി സംവിധാനത്തെ ചുമതലപ്പെടുത്തണം. ബന്ധപ്പെട്ട **അയൽക്കൂട്ടങ്ങൾ ഒരു അഗതിരഹിത കേരളം പദ്ധതി മോണി റ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.** എ.ഡി.എസ്സുകൾ പ്രതിമാസ പുരോഗതി റിപ്പോർട്ട് സി.ഡി.എസ്സിനു നൽകണം.

9. തദ്ദേശ ഭരണ തലത്തിൽ പദ്ധതിയുടെ നടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. കൂടാതെ അഗതിരഹിത കേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി **വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്.** പ്രസ്തുത ഉപസമിതിയിൽ താഴെപറയുന്നവർ ഉണ്ടാകേണ്ടതാണ്.
    1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ (അദ്ധ്യക്ഷൻ)
    2. തദ്ദേശ ഭരണ സെക്രട്ടറി- കൺവീനർ
    3. ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - മെമ്പർ
    4. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - മെമ്പർ
    5. സി.ഡി.എസ് ചെയർപേഴ്സൺ - മെമ്പർ
    6. സി.ഡി.എസ്. മെമ്പർ സെക്രട്ടറി- മെമ്പർ
    7. മെഡിക്കൽ ഓഫീസർ - മെമ്പർ
    8. ഐ.സി.ഡി.എസ് സൂപ്പർവൈസർ - മെമ്പർ
    9. സി.ഡി.എസ്സിലെ സാമൂഹ്യ വികസനത്തിന്റെ ചുമതലയുള്ള അംഗം - മെമ്പർ
    10. വി.ഇ.ഒ/ഹെൽത്ത് ഇൻസ്പെക്ടർ - മെമ്പർ
    11. രണ്ട് സാമൂഹ്യ പ്രവർത്തകർ - മെമ്പർമാർ

10. രണ്ടു മാസത്തിലൊരിക്കൽ പ്രസ്തുത തദ്ദേശ ഭരണ സമിതിയുടെ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.ആയതിന്റെ കൃത്യത ഡി.എം.സിമാർ ജില്ലാതല പി.ആർ.എംകളിൽ ഉറപ്പാക്കേണ്ടതാണ്.

11. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രവും കാസ് ഓഡിറ്റ് റിപ്പോർട്ടും വർഷാവർഷം വെബ് മോണിറ്ററിംഗിൽ ചേർക്കേണ്ടതാണ്.

12. ഒന്നാം ഗഡുവായി അനുവദിച്ച തുകയുടെ 80% വിനിയോഗിക്കപ്പെടുമ്പോൾ രണ്ടാം ഗഡുവിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഈ സമയത്തും ഗുണഭോക്താക്കളുടെ സ്ഥിതി പുന:പരിശോധിച്ച് റിപ്പോർട്ട് അപേക്ഷയോടൊപ്പം സംസ്ഥാനമിഷനിൽ സമർപ്പിക്കേണ്ടതാണ്.

13. *കുടുംബശ്രീ തയ്യാറാക്കിയിട്ടുള്ള എംഐഎസ്സിൽ പദ്ധതി സംബന്ധിച്ച എല്ലാ വിവരങ്ങളും കൃത്യസമയത്ത് കൂട്ടിച്ചേർക്കേണ്ടതാണ്. എം.ഐ.എസ് എൻട്രി പ്രകാരം ചലഞ്ച് ഫണ്ട് വിനിയോഗം 80%ത്തിന് മുകളിലായി എന്ന് ബോധ്യപ്പെട്ടാൽ മാത്രമേ അടുത്ത ഗഡു അനുവദിക്കുകയുള്ളൂ.*

മേൽ സൂചിപ്പിച്ച പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് ചലഞ്ച് ഫണ്ട് ഇനത്തിൽ ആകെ അനുവദിച്ച **5,37,59,364 രൂപയിൽ (അഞ്ച് കോടി മുപ്പത്തി ഏഴ് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി മുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) 76,06,558 രൂപ (എഴുപത്തി ആറ് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി അൻപത്തി എട്ട് രൂപ മാത്രം)** താഴെ പറയുന്ന പ്രകാരം ഒന്നാമത്തെ ഗഡുവായി അനുബന്ധം 2 ആയി ചേർക്കുന്ന ട്രഷറി അക്കൗണ്ടുകളിലേയ്ക്ക് RTGS മുഖാന്തിരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നൽകുന്നതിന് **കുടുംബശ്രീ(സംസ്ഥാനമിഷൻ) അക്കൗണ്ട്സ് സെക്ഷന് അനുമതി നൽകി ഉത്തരവാകുന്നു.**

| പഞ്ചായത്ത്/ നഗരസഭ | ആകെ ചലഞ്ച് ഫണ്ട് (രൂപ) (a) | ഒന്നാം ഗഡു (രൂപ) (b)=(a)/3 | മുൻ ആശ്രയ പദ്ധതികൾക്ക് അനുവദിച്ചതിൽ ബാക്കിയുള്ള ചലഞ്ച് ഫണ്ട് (രൂപ) (c) | അനുവദിക്കുന്ന ഒന്നാംഗഡു (രൂപ) (d) = (b) –(c) |
|---|---|---|---|---|
| അമ്പലപ്പുഴ സൗത്ത് | 38,98,574 | 12,99,525 | 3,79,414 | 9,20,111 |
| മാരാരിക്കുളം സൗത്ത് | 39,99,398 | 13,33,133 | 5,06,993 | 8,26,140 |
| ഭരണിക്കാവ് | 39,98,480 | 13,32,827 | 2,74,347 | 10,58,480 |
| പാലമേൽ | 39,40,142 | 13,13,381 | 4,13,608 | 8,99,773 |
| വള്ളികുന്നം | 39,95,900 | 13,31,967 | 3,64,660 | 9,67,307 |
| ചമ്പക്കുളം | 13,09,961 | 4,36,654 | 4,94,614 | 0 |
| കൈനകരി | 39,70,514 | 13,23,505 | 24,61,293 | 0 |
| തലവടി | 22,95,398 | 7,65,133 | 15,91,062 | 0 |
| തൃക്കുന്നപ്പുഴ | 40,00,000 | 13,33,333 | 14,53,983.27 | 0 |
| ചേർത്തല സൗത്ത് | 39,98,425 | 13,32,808 | 13,59,679 | 0 |
| കഞ്ഞിക്കുഴി | 39,99,580 | 13,33,193 | 3,07,901 | 10,25,292 |
| കുത്തിയതോട് | 39,93,998 | 13,31,333 | 2,86,309 | 10,45,024 |
| തൈക്കാട്ടുശ്ശേരി | 27,16,598 | 9,05,533 | 6,32,174 | 2,73,359 |
| ചേർത്തല നഗരസഭ | 39,90,998 | 13,30,333 | 7,39,260.9 | 5,91,072 |
| കായംകുളം നഗരസഭ | 36,51,398 | 12,17,133 | 15,80,222 | 0 |
| **ആകെ** | **5,37,59,364** | **1,79,19,791** | **1,28,45,520** | **76,06,558** |

ഇതിനാവശ്യമായ തുക കുടുംബശ്രീ സംസ്ഥാന മിഷനിൽ അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതത്തിൽ (HOA-2515-00-800-48-PV) DFK01 ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
2. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, ആലപ്പുഴ ജില്ല
5. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ ജില്ല
6. ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ ജില്ല
7. സെക്രട്ടറി,
   ചേർത്തല നഗരസഭ, കായംകുളം നഗരസഭ, അമ്പലപ്പുഴ സൗത്ത്, മാരാരിക്കുളം സൗത്ത്, ഭരണിക്കാവ്, പാലമേൽ, വള്ളിക്കുന്ന്, ചമ്പക്കുളം, കൈനകരി, തലവടി, തൃക്കുന്നപ്പുഴ, ചേർത്തല സൗത്ത്, കഞ്ഞിക്കുഴി, കുത്തിയതോട്, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തുകൾ ആലപ്പുഴ ജില്ല (കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഖാന്തിരം)
8. അക്കൗണ്ട്സ് സെക്ഷൻ(കുടുംബശ്രീ)

**പകർപ്പ്**

1. വെബ് സൈറ്റ്
2. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**അംഗീകാരത്തോടെ,**

**അക്കൗണ്ട്സ് ഓഫീസർ**

| | തദ്ദേശ സ്വയംഭരണ സ്ഥാപനം | ഗുണഭോക്താക്കളുടെ എണ്ണം | സേവനങ്ങൾ | | | | | | | | | | | | | | | | വകയിരുത്തിയ മൊത്തം തുക (Rs) | ആകെ വകയിരുത്തിയ ചലഞ്ച് ഫണ്ട് (Rs) | ആശ്രയ പദ്ധതി ചലഞ്ച് ഫണ്ട് മുൻ ബാക്കി(പലിശ സഹിതം) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഭക്ഷണം | ചികിത്സ | വസ്ത്രം | വീട് | ഭൂമി | കുടിവെള്ളം | വിദ്യാഭ്യാസം | ശൗചാലയം | വീട് പുനരുദ്ധാരണം | വൈദ്യുതി | തൊഴിൽ / തൊഴിൽ പരിശീലനം | പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവ് | കൗൺസിലിങ് | റിസേർവ് ഫണ്ട് | മറ്റു ചിലവുകൾ | മെഡിക്കൽ ക്യാമ്പ് | | | |
| 1 | അമ്പലപ്പുഴ സൗത്ത് | 62 | 1875564 | 1218000 | 45000 | 8890000 | 1950000 | 24000 | 364500 | 27000 | 450000 | 0 | 60000 | 3000 | 60000 | 200010 | 65000 | 45000 | 15277074 | 3898574 | 379414 |
| 2 | മാരാരിക്കുളം സൗത്ത് | 144 | 3362400 | 450000 | 246000 | 12400000 | 1950000 | 1116000 | 69000 | 999000 | 7550000 | 198000 | 60000 | 3000 | 60000 | 199998 | 65000 | 45000 | 28773398 | 3999398 | 506993 |
| 3 | ഭരണിക്കാവ് | 134 | 3246480 | 319500 | 15900 | 8400000 | 0 | 0 | 0 | 400000 | 180000 | 45000 | 60000 | 3000 | 60000 | 199500 | 65000 | 45000 | 13039380 | 3998480 | 274347 |
| 4 | പാലമേൽ | 185 | 4905492 | 325500 | 561000 | 21200000 | 3000000 | 944000 | 24000 | 648000 | 1365000 | 44000 | 60000 | 3000 | 60000 | 181950 | 65000 | 45000 | 33431942 | 3940142 | 413608 |
| 5 | വള്ളികുന്നം | 239 | 5713200 | 460000 | 55000 | 16840000 | 0 | 0 | 0 | 745000 | 750000 | 115000 | 60000 | 3000 | 60000 | 199500 | 65000 | 45000 | 25110700 | 3995900 | 364660 |
| 6 | ചമ്പക്കുളം | 32 | 703560 | 301500 | 153000 | 3200000 | 300000 | 300000 | 36000 | 201000 | 1815000 | 0 | 60000 | 3000 | 60000 | 71901 | 65000 | 45000 | 7314961 | 1309961 | 494614 |
| 7 | കൈനകരി | 120 | 2673216 | 916500 | 478100 | 30140000 | 8760000 | 1356000 | 171000 | 310500 | 5700000 | 63000 | 60000 | 3000 | 60000 | 199998 | 65000 | 45000 | 51001314 | 3970514 | 2461293 |
| 8 | തലവടി | 80 | 1706400 | 216000 | 159000 | 12800000 | 2250000 | 320000 | 153000 | 219000 | 2700000 | 130000 | 60000 | 3000 | 60000 | 199998 | 65000 | 45000 | 21086398 | 2295398 | 1591062 |
| 9 | തൃക്കുന്നപ്പുഴ | 217 | 4952154 | 579920 | 224150 | 30880000 | 7060000 | 839500 | 364496 | 1212500 | 3857000 | 679000 | 60000 | 3000 | 60000 | 199998 | 65000 | 45000 | 51081718 | 4000000 | 1453983.27 |
| 10 | ചേർത്തല സൗത്ത് * | 233 | 5134500 | 699000 | 690000 | 7600000 | 300000 | 1752000 | 115000 | 1050000 | 6450000 | 63000 | 60000 | 3000 | 60000 | 199925 | 65000 | 45000 | 24286425 | 3998425 | 1359679 |
| 11 | കഞ്ഞിക്കുഴി | 228 | 4982400 | 46500 | 1044000 | 26000000 | 1200000 | 1492000 | 234000 | 1204500 | 2580000 | 81000 | 65000 | 3000 | 60000 | 199980 | 65000 | 45000 | 39302380 | 3999580 | 307901 |
| 12 | കുത്തിയതോട് | 147 | 3240000 | 445000 | 360000 | 21400000 | 4500000 | 254000 | 273000 | 590000 | 2000000 | 25000 | 60000 | 3000 | 60000 | 199998 | 75000 | 45000 | 33529998 | 3993998 | 286309 |
| 13 | തൈക്കാട്ടുശ്ശേരി | 67 | 1551600 | 603000 | 204000 | 13600000 | 1500000 | 540000 | 136000 | 646500 | 2700000 | 306000 | 60000 | 3000 | 60000 | 199998 | 65000 | 45000 | 22220098 | 2716598 | 632174 |
| 14 | ചേർത്തല നഗരസഭ | 342 | 7941600 | 1026000 | 1026000 | 62000000 | 11410000 | 3033500 | 31500 | 2553000 | 2792500 | 243000 | 60000 | 3000 | 60000 | 199998 | 65000 | 45000 | 92490098 | 3990998 | 739260.9 |
| 15 | കായംകുളം നഗരസഭ | 258 | 5904000 | 1733100 | 1377000 | 68800000 | 18315000 | 2445000 | 963000 | 800800 | 8400000 | 1746000 | 60000 | 3000 | 60000 | 199998 | 65000 | 45000 | 110916898 | 3651398 | 1580222 |
| | ആകെ | 2488 | 57892566 | 9339520 | 6638150 | 344150000 | 62495000 | 14416000 | 2934496 | 11606800 | 49289500 | 3738000 | 905000 | 45000 | 900000 | 2852750 | 985000 | 675000 | 568862782 | 53759364 | 12845520 |

(signature)
Accounts Officer